# ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് 7-ാം വർഷത്തിലേക്ക്

കോട്ടയം അതിരൂപതയിൽ പണത്തിന്റെ ദൗർലഭ്യം മൂലം ഒരു വിദ്യാർത്ഥിക്കു പോലും ഉപരിപഠനം നിഷേധിക്കപ്പെടരുതെന്ന ലക്ഷ്യത്തോടെ 2011 ൽ അതിരൂപതാ ശതാബ്ദിയുടെ ഭാഗമായി ആരംഭിച്ച ശതാബ്ദി വിദ്യാഭ്യാസ ഫണ്ട് ഏഴാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞ ആറ് വർഷം കൊണ്ട് അതിരൂപതയിലെ അങ്ങോളമിങ്ങോളമുള്ള 1135 കുടുംബങ്ങൾക്ക് കൈത്താങ്ങാകാൻ പദ്ധതി സഹായകമായി. ഉന്നത പഠനത്തിന്റെ ഒന്നാം വർഷം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് അവസാന വർഷം വരെ പലിശരഹിത വായ്പ ലഭ്യമാക്കുന്ന ഈ പദ്ധതിയുടെ അഞ്ഞൂറോളം ഗുണഭോക്താക്കൾ ഇതിനോടകം പഠനം പൂർത്തിയാക്കി. ഇവരിൽ ജോലിയിൽ പ്രവേശിച്ചവർ പലരും വായ്പ മുഴുവനായും തവണകളായും തിരിച്ചടയ്ക്കാൻ തുടങ്ങിയിട്ടുണ്ട്.

രൂപതാംഗങ്ങളുടെ നിർലോഭമായ സഹകരണം കൊണ്ട് സ്വരൂപീച്ച 4 കോടി രൂപ മൂലധനമായി ആരംഭിച്ച ഈ പദ്ധതിയിലൂടെ ഇതുവരെ 5 കോടി 58 ലക്ഷത്തോളെ രൂപ വായ്പ നൽകുകയുണ്ടായി. (2011 മുതൽ 2016 വരെ യഥാക്രമം 59 ലക്ഷം, 78 ലക്ഷം, 90 ലക്ഷം, 1.07 കോടി, 1.11 കോടി, 1.13 കോടി) വിദ്യാഭ്യാസ ഫണ്ട് ഒരു തുടർ പദ്ധതിയായി മുൻപോട്ട് പോകണമെന്ന 2015 ലെ അതിരൂപതാ അസംബ്ലിയുടെ തീരുമാനപ്രകാരം എല്ലാ പെസഹാവ്യാഴാഴ്ചയും സ്ത്രോത്രക്കാഴ്ച സ്വീകരിച്ച് ഫണ്ടിലേക്ക് വക കൊള്ളിക്കുകയാണ്. കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിന്നും കവർ നൽകി ഇടവക വികാരിമാർ പ്രത്യേകം താല്പര്യമെടുത്ത് സ്വരൂപിച്ച സ്തോത്രക്കാഴ്ച വഴി 2015 ൽ 33 ലക്ഷം രൂപയും 2016 ൽ 56 ലക്ഷം രൂപയും 2017 ൽ 46 ലക്ഷം രൂപയും ഇപ്രകാരം വക കൊള്ളിക്കപ്പെട്ടു.

100 ൽ താഴെ കുടുംബങ്ങളുള്ള ഇടവകകളിൽ നിന്നും ഒരാളെയും 200 ൽ താഴെ കുടുംബങ്ങളുള്ള ഇടവകകളിൽ നിന്നും 2 പേരെയും 200 നു മുകളിൽ കുടുംബങ്ങളുള്ള ഇടവകകളിൽ നിന്നും മൂന്നുപേരെയും ഓരോ വർഷവും തെരഞ്ഞെടുക്കുന്ന പദ്ധതി ഗുണഭോക്താക്കൾ പഠനം പൂർത്തിയാക്കി ഒരു വർഷം തികയുമ്പോൾ പലിശരഹിത വായ്പയായി വാങ്ങിയ തുക മുഴുവനായോ തവണകളായോ തിരിച്ചടയ്ക്കണമെന്നുള്ളതാണ് വ്യവസ്ഥ. കൂടുതൽ ആളുകളിലേക്ക് ഇതിന്റെ പ്രയോജനമെത്തിക്കാനും പഠന ചെലവ് കൂടുന്നതനുസരിച്ച് വായ്പ തുകയിൽ വർദ്ധനവ് വരുത്താനും തിരിച്ചടവ് കാര്യക്ഷമമായേ മതിയാകൂ. ഉള്ളവർ ഇല്ലാത്തവരെ സഹായിക്കുകയും അതിലൂടെ അതിരൂപതയിലെ അംഗങ്ങൾക്കിടയിൽ പരസ്പരം പങ്കുവയ്ക്കുന്ന പ്രവണത സജീവമാക്കുന്നതുമായ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി ഇപ്പോഴും പലരും മുൻപോട്ടുവരുന്നുണ്ടെന്നുള്ളത് ശ്ലാഘനീയമാണ്.

ഈ വർഷത്തെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള കത്ത് എല്ലാ വികാരിമാർക്കും നൽകിയിട്ടുണ്ട്. ഒക്ടോബർ 10 നകം ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പദ്ധതിയുടെ 2017 ലെ ഓഡിറ്റ് റിപ്പോർട്ടും താഴെ പ്രസിദ്ധീകരിക്കുന്നു.

ഡോ. ജോർജ്ജ് മാത്യു കക്കാട്ടിൽ

സെക്രട്ടറി